# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2794** **19.06.2014-ന് മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തതയും കമ്പ്യൂട്ടർവൽക്കരണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) യും (ബി) യും ഉണ്ട്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി കൂടുതൽ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) വില്ലേജ് രേഖകളുടെ കമ്പ്യൂട്ടർ വല്ക്കരണം ഏതുവരെയായി; വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്ത് വില്ലേജ് രേഖകളുടെ കമ്പ്യൂട്ടർവല്ക്കരണം കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ (എൻ.എൽ.ആർ.എം.പി) പ്രകാരമാണ് നടന്നു വരുന്നത്. ഇതിനായി പൂർണമായും സർക്കാർ ഉദ്യോഗസ്ഥരുടെ മാത്രം സഹായത്തോടു കൂടി സ്വതന്ത്ര സോഫ്റ്റ് വെയർ സംവിധാനത്തിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ആദ്യഘട്ടത്തിൽ റെലിസ് പദ്ധതി പ്രകാരമുള്ള ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ